പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2102

04/11/2019 ൽ മറുപടി നല്കേണ്ടത്.

## നാട്ടിക മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഗീതാ ഗോപി** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി രോഗീസൗഹൃദമാക്കുന്നതിനായി 'ആർദ്രം' പദ്ധതിയും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി 'ആരോഗ്യജാഗ്രത' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്ഷയം, മലമ്പനി , മന്ത്, കുഷ്ഠരോഗം, കാലാഅസർ, എച്ച്.ഐ.വി തുടങ്ങിയവ നിവാരണം ചെയ്യുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഹെൽത്തി കേരള ക്യാമ്പയിൻ പരിശോധനകൾ വഴി പകർച്ചവ്യാധി സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ രോഗനിരീക്ഷണം കാര്യക്ഷമമാക്കാൻ ഇന്റഗ്രേറ്റഡ് ഹെൽത്ത് ഇൻഫർമേഷൻ പ്ലാറ്റ്ഫോം എന്ന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി സേവനങ്ങൾ വൈകുന്നേരം 6 മണിവരെ ആക്കുകയും , നഴ്സസ് പ്രീചെക്ക്അപ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ (അമൃതം ആരോഗ്യം) ആസ്ത്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള 'ശ്വാസ്' ' ക്ലിനിക്കുകൾ, മാനസിക രോഗ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്കുകൾ,നഴ്സുമാരുടെ സ്ഥാപനതല out reach programme തുടങ്ങിയവ നടത്തിവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുക, ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുക, ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |

| | |
|---|---|
| ബി) ഇതുപ്രകാരം നാട്ടിക മണ്ഡല ത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതി കളുടെ വിശദാംശം നൽകാമോ? | ബി) 'ആർദ്രം' പദ്ധതി പ്രകാരം ഒന്നാംഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പാറളം / തളിക്കുളം എന്നിവ തെരഞ്ഞെടുത്തു. ഈ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് സർജൻ -1 സ്റ്റാഫ് നേഴ്സ് -2 ലാബ് ടെക്നീഷ്യൻ -1 ഫാർമസിസ്റ്റ് -1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 'ആർദ്രം' രണ്ടാംഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം നാട്ടികയെ ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ. എ ഫണ്ട് ഉപയോഗിച്ച് പ്രാഥമികാരോഗ്യകേന്ദ്രം നാട്ടികയിൽ ഹെമറ്റോളജി അനലൈസർ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു. പഞ്ചായത്തിന് ലഭിച്ച ആർദ്രം പുരസ്കാരം 2 ലക്ഷം രൂപ ഉപയോഗിച്ച് ടൈൽ വർക്കും നടത്തിവരുന്നു. ആർദ്രം ഒന്നാംഘട്ടത്തിൽപ്പെട്ട കുടുംബാരോഗ്യകേന്ദ്രം പാറളം 13,97,500/- രൂപയുടെയും തളിക്കുളം കുടുംബാരോഗ്യകേന്ദ്രം 13,97,000/- രൂപയുടെയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തളിക്കുളം കുടുംബാരോഗ്യകേന്ദ്രത്തിലെ വെള്ളക്കെട്ട് തീർക്കുന്നതിനായി 20 ലക്ഷം രൂപയുടെ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ലാന്റ് ഫില്ലിംഗ്, കാന നിർമ്മാണം, കുളംനിർമ്മാണം എന്നിവ നടത്തി. സാമൂഹികാരോഗ്യ കേന്ദ്രം, അന്തിക്കാടിന് എം.എൽ. എയുടെ പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണപ്രവർത്തനം ആരംഭിച്ചു. തൃപ്രയാർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ മെയിൽ വാർഡ് -25 ലക്ഷം രൂപ (ബ്ലോക്ക് ഫണ്ട്) , ഫീമെയിൽ വാർഡ് -25 ലക്ഷം രൂപ (എം.എൽ.എ ഫണ്ട്) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രം വലപ്പാട് ബ്ലോക്ക് മുഖേന ജെറിയാട്രിക് വാർഡ് നിർമ്മിച്ചു. ഇതു കൂടാതെ ഡെന്റൽ യൂണിറ്റിലേയ്ക്ക് 2 ഡെന്റൽ ചെയറുകൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ